പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1846 05.12.2014- ൽ മറുപടിക്ക്

**അനാഥാലയങ്ങൾ**

ചോദ്യം
ശ്രീ. ബാബു. എം. പാലിശ്ശേരി

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എത്ര അനാഥാലയങ്ങൾ ഉണ്ട്; | (എ) | സംസ്ഥാനത്ത് 1176 സ്ഥാപനങ്ങൾ കുട്ടികൾക്കുവേണ്ടി ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷനോടുകൂടി പ്രവർത്തിച്ചുവരുന്നു. |
| (ബി) | പ്രസ്തുത അനാഥാലയങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകി വരുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം നേടിയ സ്ഥാപനങ്ങൾ ഗ്രാന്റ് ഇൻ എയ്ഡ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സർക്കാരിന് പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതും, ആയത് പരിഗണിച്ച് സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ ഗ്രാന്റ് നൽകുകയുള്ളൂ. നിലവിൽ ഒരു അന്തേവാസിക്ക് 01.04.2014 മുതൽ 800/- രൂപയാണ് പ്രതിമാസ ഗ്രാന്റ് ആയി അനുവദിച്ചിട്ടുള്ളത്. |
| (സി) | അനാഥാലയങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ; | (സി) | ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള, ഗ്രാന്റ് ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾ ബന്ധപ്പെട്ട അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖേന സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കുന്നു. ഡയറക്ടർ ശുപാർശ ചെയ്തു തരുന്ന അപേക്ഷകൾ സർക്കാർ പരിശോധിച്ച് ഗ്രാന്റ് ഇൻ എയ്ഡ് ഇൻസ്റ്റിറ്റ്യൂഷൻ ആയി ഉത്തരവ് നൽകുന്നു. ഇപ്രകാരം അനുമതി ലഭിക്കുന്ന സ്ഥാപനങ്ങൾ ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റ് റിപ്പോർട്ട് സഹിതം ബന്ധപ്പെട്ട ജില്ല സാമൂഹ്യനീതി ഓഫീസിൽ അതാത് വർഷം സെപ്റ്റംബർ 30 ന് മുമ്പ് നൽകുന്നു. ആയത് ജില്ലാ ഓഫീസർ പരിശോധിച്ച് പ്രൊവിഷണലായി ഗ്രാന്റ് നൽകുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് നടത്തി ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് ഇൻ എയ്ഡ് |

| | | | |
|---|---|---|---|
| | | | നൽകിയത് റഗുലറൈസ് ചെയ്യുന്നു. വില്ലേജ് ഓഫീസർ നൽകുന്ന ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഗ്രാന്റ് നൽകി വരുന്നത്. ഇത് ഗ്രാമ പ്രദേശങ്ങളിൽ 34,000/- രൂപയും നഗരപ്രദേശങ്ങളിൽ 38,000/- രൂപയും വാർഷിക വരുമാന പരിധിയിൽ വരുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് ആണ് നൽകുന്നത്. 5 വയസ്സിനും 21 വയസ്സിനും മദ്ധ്യേ പ്രായമുള്ള അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ആണ് ഗ്രാന്റ് ആയി നൽകുന്നത്. സ്ഥാപനത്തിലെ 75% കുട്ടികൾ എങ്കിലും അപ്രകാരം ഉള്ളവരായിരിക്കണം. ഒരു അന്തേവാസിക്ക് 40 സ്ക്വയർ ഫീറ്റ് താമസ സൗകര്യം ഉണ്ടായിരിക്കണം. |
| (ഡി) | പല അനാഥാലയങ്ങളും മതിയായ തോതിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | അടിസ്ഥാന സൗകര്യങ്ങൾ അനാഥാലയങ്ങളിൽ ഒരുക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | (ഇ) | അനാഥാലയങ്ങളുടെ മേൽനോട്ട നിരീക്ഷണങ്ങൾ ശക്തമാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ 26 ഓളം ഘടകങ്ങൾ ഒരു നിശ്ചിത ചെക്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാണ് സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതും പുതുക്കി നൽകിവരുന്നതും. കൂടാതെ സാമൂഹ്യനീതി വകുപ്പിൽ നിന്ന് ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർമാർ മുഖേനയും പോലീസ് വകുപ്പ് വഴിയും സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നു. പോരായ്മകൾ പരിഹരിക്കാത്ത സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്നതിന് ബോർഡ് നടപടികൾ സ്വീകരിക്കുന്നുണ്ട്. ജില്ലാ തലത്തിൽ കളക്ടറുടെ നേതൃത്വത്തിൽ നിരീക്ഷണ സമിതിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**